"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - കണ്ണൂർ ജില്ലയിലെ ധർമ്മടം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ അറ്റൻഡർ ശ്രീമതി ഡയാന എം.-ന് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.237/2026/AYUSH തീയതി, തിരുവനന്തപുരം, 22-04-2026

---

പരാമർശം:- (1) ശ്രീമതി ഡയാന എം. സമർപ്പിച്ച 26/09/2018-ലെ അവധി അപേക്ഷ.

(2) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 06/07/2019, 28/01/2020, 28/07/2025, 30/07/2025 എന്നീ തീയതികളിലെ DHTVM/1784/2019-EB2 - നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ധർമ്മടം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ അറ്റൻഡർ ശ്രീമതി ഡയാന എം-ന്, 01/10/2018 മുതൽ 26/02/2019 വരെയുള്ള 149 ദിവസങ്ങളിലേയ്ക്ക് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതന അവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം-(1) പ്രകാരം ടിയാൾ സമർപ്പിച്ച അവധി അപേക്ഷ മേൽ നടപടികൾക്കായി പരമാർശം-(2) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(2) പ്രകാരം ലഭ്യമാക്കിയ രേഖകളുടേയും, വസ്തുതകളുടേയും വെളിച്ചത്തിൽ, കണ്ണൂർ ജില്ലയിലെ ധർമ്മടം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ അറ്റൻഡർ ശ്രീമതി ഡയാന എം-ന് 01/10/2018 മുതൽ 26/02/2019 വരെ, ടി കാലയളവ് ആർജ്ജിതാവധിയ്ക്കു പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ കെ.എസ്.ആർ., ഭാഗം-I, ചട്ടം 88 (ii)-ൽ ഇളവ് വരുത്തി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

ജോയിന്റ് സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം. (സർവ്വീസ് ബുക്ക് സഹിതം)

2. ശ്രീമതി ഡയാന എം., സർക്കാർ ഹോമിയോ ഡിസ്പെൻസറി, ധർമ്മടം, കണ്ണൂർ. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖേന)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), കണ്ണൂർ.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം.
5. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ്. (06/04/2026-ലെ E 1265813/HLT-B3/252/2019-FIN നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/204/2022-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Baiju G
Date: 23-04-2026 15:45:05

സെക്ഷൻ ഓഫീസർ.